Kerala Koumudi 27/6/23



# അഗ്രി.യൂണിവേഴ്സിറ്റിക്ക് പ്രശംസ

തൃശ്ശൂർ: നിയമസഭാ സമിതിയുടെ സന്ദർശനത്തിന് ശേഷം കാർഷിക സർവകലാശാലയെ പ്രശംസിച്ച് നിയമസഭാ ചീഫ് വിപ്പ് ഡോ. എൻ. ജയരാജിന്റെ ഫേസ്ബുക്ക് പോസ്റ്റ്. നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഭാഗമായായിരുന്നു സന്ദർശനം. കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ പാഠ്യപദ്ധതിയോടൊപ്പം പ്രകൃതിയെയും കാർഷികോത്സവങ്ങളെയും അടുത്തറിയാനും സംരക്ഷിക്കാനുമായി നടത്തുന്നപ്രവർത്തനങ്ങളെപ്പറ്റിപോസ്റ്റിൽപറയുന്നു. കൾട്ട്കൾച്ചർഅഗ്രികൾച്ചർ എന്ന പദ്ധതിയിലൂടെ അനുഷ്ഠാനകലകളെ നവമാധ്യമങ്ങളിലൂടെ അവതരിപ്പിക്കുന്നതിനെയും പ്രശംസിച്ചു. എം.എൽ.എമാരായ എ.സി മൊയ്തീൻ, കെ.പി കുഞ്ഞഹമ്മദ് കുട്ടി, ഇ.കെ വിജയൻ, ഐ.ബി സതീഷ്, ആബിദ് ഹുസൈൻ തങ്ങൾ എന്നിവരും ഒപ്പമുണ്ടായിരുന്നു.

Scanned with OKEN Scanner